"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - വയനാട് ജില്ലയിലെ സർക്കാർ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം നിർമ്മിക്കുന്നതിന് വയനാട് ജില്ലാ പഞ്ചായത്ത് 2017-18 വാർഷിക പദ്ധതിയിൽ പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം ചെലവഴിച്ച നടപടി സാധൂകരിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1944/2026/LSGD തീയതി,തിരുവനന്തപുരം, 15-10-2026

---

പരാമർശം:- 1. 16.02.2021, 28.07.2025 തീയതികളിലെ വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ DP14-1381/2021 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വയനാട് ജില്ലയിലെ 50 ശതമാനത്തിലധികം പട്ടികവർഗ്ഗ വിഭാഗം കുട്ടികൾ പഠിച്ചുകൊണ്ടിരുന്ന ജി.വി.എച്ച്.എസ്.എസ്. എടത്തന, ജി.എച്ച്.എസ്.എസ്. വാളേരി (മാനന്തവാടി), ജി.എച്ച്.എസ്.എസ്. കരിംകുറ്റി, ജി.എച്ച്.എസ്.എസ്. നീർവാരം എന്നീ സർക്കാർ സ്കൂളുകളിൽ വയനാട് ജില്ലാ പഞ്ചായത്ത് 2017-18 വാർഷിക പദ്ധതിയിൽ (എസ്.ഒ-783/18) ഉൾപ്പെടുത്തി സ്മാർട്ട് ക്ലാസ് റൂമുകൾ സജ്ജമാക്കുന്നതിനാവശ്യമായ ഫർണിച്ചറുകൾ 73.17 ലക്ഷം ചെലവഴിച്ച് വാങ്ങി നൽകിയ നടപടി പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം വകമാറ്റി ചെലവഴിച്ചതായി അക്കൗണ്ടന്റ് ജനറലിന്റെ 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുകയുണ്ടായി.

നാല് സ്കൂളുകളുടെ പട്ടികവർഗ വിദ്യാർത്ഥികളുടെ ശതമാനത്തിനനുസരിച്ചുള്ള ശരാശരി കണക്കാക്കുമ്പോൾ 73 ലക്ഷത്തിന്റെ 64:75 ശതമാനമായ 47.27 ലക്ഷം രൂപ മാത്രമേ പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം ചെലവഴിക്കാൻ പാടുള്ളൂവെന്നും ഇതിനു വിരുദ്ധമായി 25.73 ലക്ഷം രൂപ പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം അധികം വകമാറ്റി ചെലവഴിച്ചിട്ടുണ്ട് എന്നതാണ് അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് പരാമർശം. തുടർന്ന് സർക്കാരിൽനിന്ന് സാധൂകരണം ലഭ്യമാക്കി സമർപ്പിക്കുവാൻ അക്കൗണ്ടന്റ് ജനറൽ പുനരഭിപ്രായക്കുറിപ്പ് പുറപ്പെടുവിക്കുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ 50 ശതമാനത്തിലധികം ട്രൈബൽ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ ഉള്ളതിനാലാണ് ടി പദ്ധതിയ്ക്ക് തുക ചെലവഴിച്ചത് എന്നും പദ്ധതി ഗുണപ്രദമായിരുന്നു എന്നും ആകയാൽ സർക്കാർ സാധൂകരണം ലഭ്യമാക്കണം എന്നും പരാമർശ കത്തുകൾ പ്രകാരം വയനാട് ജില്ലാപഞ്ചായത്ത് സെക്രട്ടറി സർക്കാരിൽ അപേക്ഷിച്ചിട്ടുണ്ട്.

2. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. അക്കൗണ്ടന്റ് ജനറലിന്റെ പുനരാഭിപ്രായ കുറിപ്പിന്റെയും, 50% മുകളിൽ പട്ടിക വർഗ്ഗ കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങളിലാണ് പദ്ധതി നടപ്പിലാക്കിയത് എന്നതും ടിഎസ്പി ഫണ്ട് വകയിരുത്തി സ്മാർട്ട് ക്ലാസ് റൂം സജ്ജമാക്കുന്നതിന് ഫർണ്ണിച്ചർ വാങ്ങിയതിലൂടെ വിദ്യാർത്ഥികളുടെ പഠന സാഹചര്യം മെച്ചപ്പെടുത്തുന്നതിന് സഹായകരമായിട്ടുള്ളതിനാലും, വയനാട് ജില്ലാ പഞ്ചായത്ത് 2017-18 വാർഷിക പദ്ധതിയിൽ (എസ്.ഒ-783/18 ) പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിൽ നിന്നും 25.73 ലക്ഷം രൂപ അധികം ചെലവഴിച്ച നടപടി സാധൂകരിച്ചു ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഇന്ദു.എസ്.
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, വയനാട്
സെക്രട്ടറി, വയനാട് ജില്ലാപഞ്ചായത്ത്

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) , തിരുവനന്തപുരം

തദ്ദേശ സ്വയം ഭരണ (ഡി.ഇ) വകുപ്പ് (DE2/125/2024/LSGD)

ഓഫീസ് ഫയൽ/ സ്റ്റോക്ക് കോപ്പി (AA2/1/2026-LSGD)

ഉത്തരവിൻ പ്രകാരം

Digitally signed by
Jayakrishnan. K
Date: 15-10-2026
15:22:33

സെക്ഷൻ ഓഫീസർ